ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഫിഷറീസ് വകുപ്പു മുഖേനയും മത്സ്യഫെഡ് മുഖേനയും നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ബി) ഈ പദ്ധതിപ്രകാരം 2001 മെയ് മാസം മുതൽ നാളിതു വരെ 127.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഓരോ പദ്ധതിപ്രകാരവും പ്രയോജനം ലഭിച്ച മത്സ്യ തൊഴിലാളികളുടെ എണ്ണം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. †

തീര സുരഭി പദ്ധതി

118 [2728] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, വി. ജെ. പൗലോസ്:
,, ലൂഡി ലൂയിസ്:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീര സുരഭി പദ്ധതി പ്രകാരം 2001 മെയ് മുതൽ ഇതു വരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയുടെ കൈവശാവകാശ രേഖ നൽകി;

(ബി) അതുകൊണ്ട് ഉണ്ടായിട്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ്;

(സി) ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ) 5830 പേർക്ക്.

(ബി) ഭവനനിർമ്മാണ ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കാൻ സാധിക്കുന്നു. വീട്ടുനമ്പർ, വൈദ്യുതി കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിന് ഇത് പ്രയോജനപ്പെടുന്നു.

(സി) പട്ടയം നൽകുന്ന കാര്യം തീരുമാനിക്കുന്നത് റവന്യൂ വകുപ്പാണ്.

ഫിഷറീസ് ഡിപ്പാർട്ട്മെന്റിലെ എസ്. എൽ. ആർ. നിയമനം

119 [2729] ശ്രീ. തേവാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ 500 ദിവസം ഡ്യൂട്ടി തികഞ്ഞ എത്ര സി. എൽ. ആർ. ജീവനക്കാരെ ആണ് എസ്. എൽ. ആർ. ആക്കി നിയമിച്ചിട്ടുള്ളത്; ഇനി നിലവിലുള്ള സി. എൽ. ആർ. ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റ് വകുപ്പുകളിലേതുപോലെ ഈ സി. എൽ. ആർ. ജീവനക്കാരെക്കൂടി എസ്. എൽ. ആർ. ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 26 സി. എൽ. ആർ. ജീവനക്കാരെ എസ്. എൽ. ആർ. ആയി നിയമിച്ചിട്ടുണ്ട്. 27 സി. എൽ. ആർ. ജീവനക്കാർ നിലവിലുണ്ട്.

(ബി) ഫിഷറീസ് വകുപ്പിൽ സൃഷ്ടിക്കപ്പെട്ട 29 എസ്. എൽ. ആർ. തസ്തികകളിൽ വരുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ 500 ദിവസം പൂർത്തിയാക്കിയ സി. എൽ. ആർ. ജീവനക്കാരെ എസ്. എൽ. ആർ. ആയി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

അഷ്ടമുടി കായലിലെ മത്സ്യനാശം

120 [2730] ശ്രീ. കെ. സി. ജോസഫ്:
,, വി. ജെ. പൗലോസ്;
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ജി. പ്രതാപവർമ്മതമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മെയ് 28-ാം തീയതി ശനിയാഴ്ച അഷ്ടമുടിക്കായലിൽ ധാരാളം മത്തി ചത്തത് കണ്ടെത്തുകയുണ്ടായോ;

(ബി) ഇത്രയധികം മത്തി ചത്തതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ;

(സി) മറ്റു കായൽ മത്സ്യങ്ങൾ ആ ദിവസം അവിടെ ചത്തതായി കണ്ടെത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കണ്ടെത്തുകയുണ്ടായി.

(ബി) ഉണ്ട്. കടലിൽ പെട്ടെന്നുണ്ടായ വേലിയേറ്റത്തിൽ മത്തി ക്കുഞ്ഞുങ്ങൾ കൂട്ടമായി കായലിൽ എത്തുകയുണ്ടായി. മത്തി ചത്തു പൊങ്ങിയ ഭാഗത്തെ വെള്ളം പരിശോധിച്ചതിൽ അവിടെ ഉപ്പിന്റെ സാന്ദ്രത കടൽവെള്ളത്തിലെ ഉപ്പിനേക്കാൾ വളരെ കുറവാണെന്ന് കണ്ടെത്തി. ഉപ്പിന്റെ അംശം കുറഞ്ഞ ജലാശയത്തിൽ എത്തപ്പെട്ടതിനാലും തൊണ്ടയ്ക്കുന്നതുമൂലം ഉണ്ടായ ഹൈഡ്രജൻ സംഫൈഡ്യം അമോണിയയും ഈ സമയത്ത് ജലത്തിൽ കൂടുതലായി കാണപ്പെട്ടതും മൂലമാണ് കടൽ മത്സ്യമായ മത്തി കൂട്ടമായി ചത്തൊടുങ്ങിയത്.

(സി) ഇല്ല.

ബേപ്പൂർ ഹാർബറിനുണ്ടായ നാശനഷ്ടങ്ങൾ

121 [2731] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി കടൽ ക്ഷോഭത്തെതുടർന്ന് ബേപ്പൂർ ഹാർബറിൽ എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly